**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1288** **18-01-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലം ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ടി . വി. രാജേഷ് | | **Prof. C. Raveendranath**<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | മൂന്ന് കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കുഞ്ഞിമംഗലം, കൊട്ടില, മാട്ടൂൽ, കല്ല്യാശ്ശേരി, ചെറുകുന്ന് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യവികസനത്തിന് കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അടുത്ത കിഫ്ബി യോഗത്തിൽ ഫണ്ട് ലഭ്യമാക്കി ഈ സർക്കാരിന്റെ കാലത്തുതന്നെ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ; | (എ) | മൂന്ന് കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. കുഞ്ഞിമംഗലം, ജി.എച്ച്.എസ്.എസ്. കൊട്ടില, സി.എച്ച്.എം.കെ.എസ്.ജി.എച്ച്.എസ്.എസ്. മാട്ടൂൽ, കെ.പി.ആർ.ഗോപാലൻ സ്മാരക ജിഎച്ച്.എസ്.എസ് കല്ല്യാശ്ശേരി, ചെറുകുന്ന് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി. യായി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ഡിപിആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഒരു കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബിയുടെ അംഗീകാരം ലഭിച്ച കടന്നപ്പള്ളി, മാടായി ബോയ്സ്, ചെറുകുന്ന് വെൽഫയർ ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കുമോ? | (ബി) | ഒരു കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബിയുടെ അംഗീകാരം ലഭിച്ച ജി.എച്ച്.എസ്.എസ്.കടന്നപ്പള്ളി, ജി.ബി.വി.എച്ച്.എസ്.എസ്. മാടായി, ജി.ഡബ്ല്യു.എച്ച്.എസ്.എസ് ചെറുകുന്ന് എന്നീ സ്കൂളുകളുടെ ഡിപിആർ ന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. എത്രയും വേഗം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കു ന്നതിന് എസ്.പി.വിയായ കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ